ദേശാഭിമാനി

Thiruvananthapuram

# മുസിരിസ് ബീച്ചിൽ തളിരിട്ടു പച്ചപ്പേകാൻ 10 മിയാവാക്കി കാടുകൾ

സി എ പ്രേമചന്ദ്രൻ | *Updated: Friday Jun 5, 2020*




തൃശൂർ

വനചാരുത കാണാൻ കാട് കേറേണ്ട. അഴീക്കോട് മുനയ്ക്കൽ മുസിരീസ് ബീച്ചിലെത്തിയാൽമതി. ഇവിടെ ഔഷധമരങ്ങളും ഫലവൃക്ഷങ്ങളും അടങ്ങുന്ന 'മിയാവാക്കി കാടുകൾ' തളിരിടുകയാണ്. ബീച്ചിലെ കായലിനോടും കടലിനോടും ചേർന്ന 20 സെന്റ് സ്ഥലത്ത് കറുക, പുളി, മാവ്, ഞാവൽ, ഇലഞ്ഞി, അത്തി, പ്ലാവ്, ആര്യവേപ്പ് തുടങ്ങി 100 ഇനങ്ങളിൽപ്പെപെട്ട 3250 വൃക്ഷത്തൈകളാണ് നട്ടത്. ഇവ മൂന്നാണ്ടിനകം സ്വാഭാവിക വനമായി മാറും.

കേരളത്തിൽ പത്തിടത്ത് ഇത്തരത്തിൽ 'മിയോവാക്കി കാടുകൾ സൃഷ്ടിച്ചെടുക്കും. ചതുരശ്രമീറ്ററിൽ ഒരു മീറ്റർ ആഴത്തിൽ മണ്ണ് മാറ്റി അതിൽ കൽപ്പൊടി, ചാണകം, ജൈവവളം, ചകിരിച്ചോറ് വളം നിറച്ച് നടുവിൽ ഒരു വൃക്ഷത്തൈയും അതിന് ചുറ്റും നാല് വൃക്ഷത്തൈകൾ വീതവുമാണ് നട്ടത്. ചുറ്റും കമ്പിവേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കാട് കാണാനായി നടപ്പാതയുമുണ്ട്. മൂന്നരലക്ഷം രൂപ പദ്ധതിക്ക് അനുവദിച്ചു. മൂന്നുവർഷം കൃത്യമായി പരിപാലിക്കാൻ പ്രത്യേകം ഒരാൾക്ക് ചുമതലയുണ്ട്.

ജാപ്പനീസ് സസ്യശാസ്ത്രജ്ഞൻ അകീര മിയോവാക്കി വിഭാവനംചെയ്ത സ്വാഭാവിക വനം സംസ്ഥാന ഇന്നവേഷൻ കൗൺസിലാണ് കേരളത്തിലൊരുക്കുന്നത്മുസിരിസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടത്തിപ്പ്. അഴീക്കോട് മുനയ്ക്കൽ മുസിരീസ് ബീച്ചിനു പുറമെ ആലപ്പുഴ പോർട്ട് മ്യൂസിയം വളപ്പിലും കാട് തളിരിട്ടുതുടങ്ങി. തിരുവനന്തപുരം ചാല ഗവ.എച്ച്എസ്എസ്, കൊല്ലം ആശ്രമം മൈതാനം, കുസാറ്റ്, പൊന്നാനി, വാളയാർ ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട് ബട്ട്റോഡ്, കാസർകോട് ബേക്കൽ റിസോർട്ട്, കണ്ണൂർ എന്നിവിടങ്ങളിലും വൈകാതെ കാടൊരുങ്ങും.

